>> മുഖക്കുറിപ്പ്

# വിവാഹമോചനവും ബഹുഭാര്യാത്വവും

**സ്ഥലത്തെ** പ്രധാനിയും റിട്ട. ഉദ്യോഗസ്ഥനുമായ മാന്യന്റെ മകളുടെ വിവാഹാഘോഷം. ബിരുദാനന്തര ബിരുദമുള്ള ഉദ്യോഗസ്ഥ യുവാവാണ് വരൻ. വിവാഹകാർമികൻ വധൂപിതാവിന് ചൊല്ലിക്കൊടുത്ത 'സവ്വജ്തുക.....' എന്നുതുടങ്ങുന്ന വിവാഹ പ്രതിജ്ഞയുടെ അവസാന വാക്യം 'ഫ ഇംസാകുൻ ബിമഅ്റൂഫിൻ ഔ തസ്രീഹുൻ ബിഇഹ്സാനിൻ' എന്നായിരുന്നു. തർജമ ചൊല്ലിക്കൊടുത്തപ്പോൾ കാർമികൻ എന്തുകൊണ്ടോ അവസാന വാക്യത്തിന്റെ അർഥം പറഞ്ഞില്ല. 'മുസ്‌ലിയാർ അറബിയിൽ പറഞ്ഞ അവസാന വാക്യത്തിന്റെ അർഥമെന്താണ്?' സദസ്സിലൊരാൾ അടുത്തിരുന്ന സുഹൃത്തിന്റെ ചെവിയിൽ ചോദിച്ചു. 'ഇനി വേണമെങ്കിൽ നീ എന്റെ മോളെ കൂടെ പൊറുപ്പിച്ചോ, അല്ലെങ്കിൽ നല്ലോണം മൊഴി ചൊല്ലി പറഞ്ഞുവിട്ടേക്ക് എന്ന്!'- സുഹൃത്ത് പറഞ്ഞുകൊടുത്തു.

മകളെ വരന്റെ കൈയിലേൽപിക്കുന്ന ഏതെങ്കിലും പിതാവിന് അർഥബോധത്തോടെ ആത്മാർഥമായി ഇങ്ങനെ പറയാൻ കഴിയുമോ? 'തസ്രീഹുൻ ബിഇഹ്സാനിൻ' എന്ന വാക്ക് ഖുർആനിലുള്ളതാണ്. അതു പക്ഷേ, ഖുർആൻ പറയുന്നത് നികാഹിനെക്കുറിച്ചു പറയുമ്പോഴല്ല; രണ്ടും കഴിഞ്ഞ ശേഷം മൂന്നാമത്തെ ത്വലാഖും ചെയ്യുന്നതിനെത്തുടർന്ന് സ്വീകരിക്കേണ്ട നടപടിയെക്കുറിച്ചാണ്. ഇതെങ്ങനെയാണ് സ്ത്രീയെയും അവളുടെ രക്ഷിതാവിനെയും അവമതിക്കുംവണ്ണം നികാഹിന്റെ പ്രതിജ്ഞയിൽ കടന്നുകൂടിയത്? മകളെ കെട്ടിച്ചയക്കുമ്പോൾ അവൾക്ക് സന്തുഷ്ടമായ ദീർഘ ദാമ്പത്യം നേരേണ്ട പിതാവിനെക്കൊണ്ട് 'വേണമെങ്കിൽ കൂടെ പാർപ്പിച്ചോ അല്ലെങ്കിൽ മൊഴി ചൊല്ലിവിട്ടോ' എന്ന് പറയിക്കുന്നതിലെ ഔചിത്യമെന്താണ്? സമുദായത്തിന്റെ വിശേഷിച്ചും അതിലെ മത പണ്ഡിതന്മാരുടെ പുരുഷാധിപത്യ മനസ്സിന്റെയും സ്ത്രീനിന്ദയുടെയും നിദർശനമാണ്, വധൂപിതാവിൽനിന്ന് നികാഹ് വേളയിൽതന്നെ അവളെ വഴിയാധാരമാക്കാനുള്ള ശിപാർശയും വരനു നേടിക്കൊടുക്കുന്ന ഈ പരാമർശം. ഈ മണവാളന് എപ്പോൾ തോന്നിയാലും ഒരുതുണ്ട് കടലാസെടുത്ത് 'ഞാൻ നിന്നെ മൊഴി മൂന്നും ചൊല്ലീക്ക്ണ്' എന്നെഴുതിവിടാൻ എന്താണ് തടസ്സം?

ഇസ്‌ലാമിൽ വിവാഹം വളരെ ലളിതമാണ്; വിവാഹമോചനവും. ലളിതമാണ് എന്നതിനർഥം നിസ്സാരമാണെന്നോ കാര്യഗൗരവമില്ലാത്തതാണെന്നോ അല്ല, അതിന്റെ നടപടിക്രമം സങ്കീർണതയില്ലാത്തതാകുന്നു എന്നുമാത്രമാണ്. ജീവിതത്തിലെ സാരമേറിയതും ഗുരുതരവുമായ സംഗതി തന്നെയാണ് വിവാഹം. സ്ത്രീപുരുഷന്മാരുടെ സമ്മതത്തിനുപുറമെ രണ്ടുകുടുംബങ്ങളുടെയും സാമൂഹിക സാംസ്കാരിക സാമ്പത്തിക നിലവാരങ്ങളിലെ യോജിപ്പ് ഇരുകൂട്ടരുടെയും കാരണവന്മാർ അന്വേഷിച്ച് പഠിച്ച് പരസ്പരം ആലോചിച്ച് ഉറപ്പാണ് ഒരു വിവാഹം നടക്കുന്നത്. വിവാഹമോചനവും നടക്കേണ്ടത് അങ്ങനെയൊക്കെത്തന്നെയാണ്. പക്ഷേ, വിവാഹമോചനത്തിന്റെ ലാളിത്യം മനസ്സിലാക്കപ്പെട്ടത്, പുരുഷനു തോന്നുമ്പോൾ തോന്നുംപടി ചെയ്യാവുന്ന നിസ്സാരകാര്യം എന്ന വിപരീതാർഥത്തിലാണ്.

പരസ്പരം പൊരുത്തപ്പെടാൻ നടത്തിയ ശ്രമങ്ങളെല്ലാം പരാജയപ്പെടുകയും ഇനി ഒരു വിധത്തിലും ഒന്നിച്ചു മുന്നോട്ടു പോവാനാവില്ല എന്ന് ബോധ്യപ്പെടുകയും ചെയ്യുമ്പോൾ ബന്ധമൊഴിയാനും യോജിക്കാവുന്ന വേറെ ബന്ധം അന്വേഷിക്കാനും, ഭാര്യക്കും ഭർത്താവിനും സ്വാതന്ത്ര്യമുണ്ടായിരിക്കേണ്ടത് നീതിയുടെയും ധർമത്തിന്റെയും താൽപര്യമാണ്. ഈ സ്വാതന്ത്ര്യത്തിന്റെ പ്രയോഗമാണ് ത്വലാഖ്. സമൂഹത്തിൽ നീതിയും ധർമവും സാക്ഷാത്കരിക്കപ്പെടുന്നതിനുവേണ്ടി നിശ്ചയിക്കപ്പെട്ട നിയമങ്ങളും ചട്ടങ്ങളും കാലാന്തരത്തിൽ അനീതിക്കും അക്രമത്തിനുമുള്ള ഉപകരണങ്ങളായി മാറ്റപ്പെടുക അപൂർവമല്ല. ഇസ്‌ലാം അനുശാസിച്ച വിവാഹമോചനത്തോടും ബഹുഭാര്യാത്വത്തോടും ഇന്ത്യയിലെ മുസ്‌ലിം സമൂഹം സ്വീകരിച്ചിട്ടുള്ള പൊതുസമീപനം അതിനു ഉദാഹരണങ്ങളാകുന്നു. സ്ത്രീജനങ്ങൾക്ക് സുരക്ഷിതമായ ദാമ്പത്യ ജീവിതം ഉറപ്പുവരുത്തുന്നതിനുവേണ്ടി കൂടിയാണ് ബഹുഭാര്യാത്വം അനുവദിച്ചതെന്ന് അതുസംബന്ധിച്ചുള്ള ഖുർആൻ സൂക്തങ്ങൾ ശ്രദ്ധിച്ചു വായിക്കുന്നവർക്കു നിഷ്പ്രയാസം ബോധ്യമാകും. പക്ഷേ, പുരുഷന് സ്ത്രീകളെ യഥേഷ്ടം ഭോഗവസ്തുക്കളാക്കാനുള്ള സ്വാതന്ത്ര്യമായി മാത്രമാണ് പലപ്പോഴും ഈ അനുവാദം ഉപയോഗിക്കപ്പെടുന്നത്.

നീതിപുലരാൻ നിശ്ചയിക്കപ്പെട്ട നിയമങ്ങൾ അനീതി വിളയിക്കുമ്പോൾ അതിന്റെ പ്രയോഗരീതി ലക്ഷ്യോന്മുഖമാക്കാൻ ഉചിതമായ പരിഷ്കരണങ്ങൾ അനിവാര്യമാകുന്നു. സമൂഹത്തിൽ ധർമം നിലനിൽക്കാനും സ്ത്രീകൾ സംരക്ഷിക്കപ്പെടാനും ഏർപ്പെടുത്തിയ നിയമങ്ങൾ ക്രൂരമായ സ്ത്രീ പീഡനത്തിന്റെ രൂപം കൈക്കൊള്ളുമ്പോൾ അത് ആദ്യം മനസ്സിലാക്കുകയും ഇസ്‌ലാമിക ശരീഅത്തിന്റെ യഥാർഥ താൽപര്യം വെളിപ്പെടുത്തുന്ന പരിഷ്കരണങ്ങൾ നിർദേശിക്കുകയും ചെയ്യേണ്ടത് മുസ്‌ലിം പണ്ഡിതന്മാരാണ്. അവരതിനു തയാറാകുന്നില്ലെങ്കിൽ മറ്റുള്ളവർ അതേറ്റെടുക്കും. അവർ നടത്തുന്ന പരിഷ്കരണത്തിൽ ശരീഅത്തിന്റെ തത്ത്വങ്ങളും താൽപര്യങ്ങളും പരിഗണിക്കപ്പെടുകയില്ല. വിവാഹമുക്തയുടെ ജീവനാംശ വിഷയത്തിൽ, പൊതുസിവിൽകോഡ് ആവശ്യപ്പെട്ട ജീവനാംശത്തെക്കാൾ ഏറെ മെച്ചപ്പെട്ട 'മതാഉ്' നിർദേശിക്കാൻ ശർഈ തത്ത്വങ്ങൾക്കുള്ളിൽനിന്നുകൊണ്ടുതന്നെ മുസ്‌ലിം പണ്ഡിതന്മാർക്കു കഴിഞ്ഞു. അതുപോലെ, അന്യായമായ ത്വലാഖും ബഹുഭാര്യാത്വവും നിയന്ത്രിക്കാനുള്ള ശർഇയായ പോംവഴികൾ കണ്ടെത്താനും ഇസ്‌ലാമിക പണ്ഡിതന്മാർ മുന്നോട്ടു വരേണ്ടതുണ്ട്. സാമൂഹിക പരിവർത്തനങ്ങളെ ഉൾക്കൊള്ളാനും കാലത്തിന്റെ വെല്ലുവിളികൾ നേരിടാനും പര്യാപ്തമാണ് ഇസ്‌ലാമിക ശരീഅത്ത് എന്ന് പ്രായോഗികമായി തെളിയിക്കേണ്ട സന്ദർഭമാണിത്. ഈയൊരു പരിപ്രേക്ഷ്യത്തോടെയാണ് അന്യായമായ മൊഴിചൊല്ലലും ബഹുഭാര്യാത്വവും നിയന്ത്രിക്കാൻ കേന്ദ്ര-പ്രാദേശിക തലങ്ങളിൽ സമിതികളുണ്ടാക്കുന്നതിന് നിയമനിർമാണം നടത്തണമെന്ന് ഇക്കഴിഞ്ഞ ഒക്ടോബർ 22-ന് കേരള ഹൈക്കോടതി സർക്കാറിനു നൽകിയ നിർദേശത്തെയും, ജസ്റ്റിസ് കൃഷ്ണയ്യരുടെ അധ്യക്ഷതയിലുള്ള നിയമപരിഷ്കരണ കമീഷൻ മുസ്‌ലിം സമുദായത്തിലെ വിവാഹമോചനവും ബഹുഭാര്യാത്വവും നിയന്ത്രിക്കാൻ ഗവൺമെന്റിനു സമർപ്പിച്ച ശിപാർശകളെയും മുസ്‌ലിം നേതൃത്വം സമീപിക്കേണ്ടത്. സാമൂഹിക ജീവിതത്തിന്റെ മാറ്റങ്ങൾക്ക് അനുസൃതമായി പ്രയോഗ രീതികൾ പരിഷ്കരിക്കാത്ത നിയമങ്ങളിൽനിന്ന് അതിന്റെ ആത്മാവായ നീതി ചോർന്നുപോകും. പകരം കടന്നുകൂടുന്നത് അനീതിയും അക്രമവുമായിരിക്കും. അത്തരം നിയമങ്ങൾക്ക് നിലനിൽക്കാനാവില്ല; അതിനുള്ള അവകാശവുമില്ല.

ഒരു നിയമത്തിന്റെ നീചമായ ദുരുപയോഗം മൂലം ക്രൂരമായ പീഡനമനുഭവിക്കുന്ന നിസ്സഹായർക്കുനേരെ കണ്ണടച്ചുകൊണ്ട്, ആ നിയമത്തെ അതേപടി നിലനിർത്താൻ ഹീനവും ലജ്ജാവഹവുമായ ന്യായങ്ങൾ ജൽപിക്കുന്നത് സമുദായത്തിനും ശരീഅത്തിനും തീരാത്ത കളങ്കവും മാറാത്ത നാണക്കേടുമായേ തീരൂ. ■